# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2963** **10.03.2017-ൽ മറുപടിക്ക്**

**പേരൂച്ചാൽ പാലം നിർമ്മാണം**

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

(എ) റാന്നി നിയോജകമണ്ഡലത്തിലെ പേരൂച്ചാൽ പാലത്തിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത്; നിർമ്മാണത്തിനായി അന്ന് അനുവദിച്ച തുക എത്രയായിരുന്നു; നിർമ്മാണം മുടങ്ങാനുണ്ടായ കാരണം പറയാമോ;

(ബി) മുടങ്ങിക്കിടന്ന പേരൂച്ചാൽ പാലം നിർമ്മാണം പുനരാരംഭിച്ചത് എന്നാണ്; എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ വിഭാവനം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) പേരൂച്ചാൽ പാലത്തിന്റെ നിർമ്മാണത്തിന് ഇപ്പോൾ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ എന്താണ് തടസ്സം; തടസ്സം നീക്കി പാലം പണി പുനരാരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി**

(എ) പേരൂച്ചാൽ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് 21.04.1997-ൽ ആണ്. 147 ലക്ഷം രൂപ ആണ് നിർമ്മാണത്തിന് അനുവദിച്ചത്. പണി ഏറ്റെടുത്ത കരാറുകാരന്റെ അനാസ്ഥമൂലം പണി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റ്-ൽ ഒഴിവാക്കിയിട്ടുണ്ട്.

(ബി) 07.08.2012 ൽ പണികൾ പുനരാരംഭിച്ചു. പുതുക്കിയ ഭരണാനുമതി പ്രകാരം 600 ലക്ഷം രൂപയുടെ സാങ്കേതികാനുമതി 06.01.2012-ൽ നൽകി. കോണ്ടൂർ കൺസ്ട്രക്ഷൻ ആന്റ് കമ്പനി പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. പൈലിംഗ് പ്രവൃത്തികളും 5 പിയറുകളും പാലത്തിന്റെ ബീമ്, ഡെക്ക് സ്ലാബ്, ഹാന്റ് റെയിൽ ഫുട്പാത്ത്, wearing coat, അപ്രോച്ച് റോഡ് തുടങ്ങിയ പ്രവൃത്തികളാണ് ഈ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(സി) ഇപ്പോൾ പണികൾ നടന്നുകൊണ്ടിരിക്കുന്നു. ഡെക്ക് സ്ലാബിന്റെ പണികൾ പുരോഗമിക്കുന്നു. എന്നാൽ 1998-ൽ നിർമ്മിച്ച പിയറുകളുടെ വെൽ ഫൗണ്ടേഷനു ചുറ്റുമുള്ള മണ്ണ് ഒലിച്ചു പോയതുമൂലം അപകടാവസ്ഥയിലാണ്. കൂടാതെ കോൺക്രീറ്റ് പല ഭാഗങ്ങളിലും ഇളകിപ്പോവുകയും റീഇൻഫോർസ്മെന്റ് പുറത്തുകാണുകയും ചെയ്യുന്ന നിലയിലാണ്. ഇത് പാലത്തിന്റെ സുരക്ഷയെ ബാധിക്കുമെന്നതിനാൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധന നടത്തുകയും നിലവിലെ

പാലത്തിന്റെ അവസ്ഥ കണക്കിലെടുത്ത് ഡിസൈൻ കൺസൾട്ടന്റായ പ്രൊഫ. ഡോ.പി.അരവിന്ദൻ 10.02.2017-ൽ പാലം സന്ദർശിക്കുകയും അപകടാവസ്ഥയിലായ വെൽഫൗണ്ടേഷന് പുതിയ ഡിസൈൻ നിർദ്ദേശിക്കുകയും ചെയ്തു. പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ